
# അടിയറവ്



അബ്ദുൾമജീദ്, യു. പി.


പൂമുകുളങ്ങൾ
പൂങ്കലകൾ
ആടിമദിച്ചു രസിച്ചുമയക്കാൻ
ഒരു രോമാഞ്ചമണയ്ക്കാൻ
ഉന്മാദമുണർത്താൻ
ഒരു കുളിരേകാൻ
എൻ മാനസവനിയിൽ നിത്യം വീണുമരിക്കാൻ
ഞാനാശിക്കുന്നു
ഏകാന്തതയിൽ
അഴികൾക്കപ്പുറ
മൊരു മൃതപുഷ്പം നീ
തമസ്സിൽ
കുഞ്ഞിക്കാററിൽ കൊച്ചലയുടെ
കൈവെള്ളയിൽ മൃദുഗന്ധം നല്കി
ഒന്നസ്തിത്വത്തിൻ തടവറയിൽനിന്നു്
അനന്തതയുടെ
ഒരു കണ്ണീർകണമായ്
പാരമ്യത്തിൽ ലയിക്കാൻ
നിന്നഭിലാഷം വെറുതെ നിന്നെച്ചുററിത്തിരിയുന്നു.
എന്നാത്മാവിൻ ശൂന്യഗൃഹങ്ങളിൽ
വിഷാദത്തിൻ
നേരിയ ഭ്രമമുണർത്താൻ
നിൻ മോഹം വെറുതെ വിയർക്കുന്നു,
നിൻ മൃതിയിൽ
നിൻ മരവിപ്പിൽ
നിൻ നിശ്ശബ്ദതയുടെ സുവ്യക്തതയിൽ
നിൻ പാരുഷ്യത്തിൻ മോഹന സൌന്ദര്യത്തിൽ
ഞാൻ തടവറ കാണുന്നു!
എനിക്കായ്
നീയെൻ നിത്യതയുടെ തടവറ പണിയുന്നു!

# അർച്ചന

**സി. രാജീവൻ കോട്ടു, I B. A. Eco.**

ഉണ്ണി, നീയിരിക്കാറുണ്ടെന്നുമാമരച്ചോട്ടിൽ
എന്നുടെ വരവിന് കൌതുകംചാർത്തിക്കൊണ്ടു്
ഇന്നലെ തമസ്സിൻെറ കൂരിരുൾക്കൂടാരത്തിൽ
എന്നെവിട്ടെന്നേക്കുമായെങ്ങുപോയനിയാ നീ
ജീവിതം ക്ഷണികമാണെന്നുള്ള തത്വത്തിൻെറ
ഓമനപര്യായമായ് നീയെങ്ങോ മറഞ്ഞുപോയ്
സ്നേഹത്തിൻപട്ടുമരത്തങ്ങിലെയോരത്തിങ്കൽ
ദാഹത്തിൻജലബാഷ്പമായെന്നും വളരുകിൽ
ഓർമ്മകൾ എനിക്കെന്നും നല്കുമോ കദനത്തിൻ
മർമ്മരശബ്ദങ്ങളെൻ കാതിലായലക്കുമോ?
തന്ത്രികൾ പൊട്ടിപ്പോയ വീണയായ് മമ ചിത്തം
മന്ത്രിക്കും സ്വരങ്ങളോ വേദന കലർന്നതായ്
ഇല്ലിനിവരില്ലതിൻനാദങ്ങളുതിർക്കുവാൻ
കൊള്ളുകില്ലൊരിക്കലുമിമ്പമാർന്നൊരു ഗാനം
ഉണ്ണിനീയകലെയാണെങ്കിലും ഹൃദയത്തെ-
ഉന്മാദഭവനമായ് മാററുവാൻ കൊതിക്കുന്നോ?
ചിന്തകളെനിക്കായി നല്കുന്നു ക്ഷതമാർന്ന
പൊൻചിരിമരവിച്ച മൃത്യുവിൻപ്രതിരൂപം
ഉണരാതെഴുന്നെള്ളി ജീവിതവസന്തത്തിൻ
പുലരിത്തുടുപ്പിൻെറ ദർശനം നുകരാതെ
കാലുഷ്യമായന്നൊരിജീവിതസായാഹ്നത്തിൻ
പാരുഷ്യം നിനക്കൊട്ടും യോജിച്ചതല്ലാ കുഞ്ഞേ
നിഷ്കളങ്കത നിൻെറ മുഖമുദ്രയാക്കിടാൻ
നിർമ്മലനിയതിയാളെന്തിനോ കൊതിച്ചുപോയ്
അർപ്പിപ്പൂ ഞാനന്ത്യമായ് പാവനസ്മരണതൻ
പുഷ്പിതമലരുകൾ നിൻപാദത്തണലിങ്കൽ.

# ചിതറിയ ചിന്തകൾ



പവിത്രൻ എ. പി., II B. Sc., Physics

കുമുദബാന്ധവൻ ശീതകരങ്ങളാൽ
തരുലതാദികൾ ചൂഴ്ന്നൊരെൻമുററത്തിൽ
മഷി പുരണ്ട വെൺപട്ടു വിരിയ്ക്കവേ
കുതുകമാന്നൊന്നു ലാത്താനിറങ്ങി ഞാൻ
അതിമനോജ്ഞകളായ സുമാംഗികൾ
തല കുലുക്കിയും മമ്മരാരാവത്താൽ
കുശലമോതിയും നില്പതുകാൺകയാൽ
അലസഗാമിയായ്തീന്നിതു മാരുതൻ
പല വലുപ്പത്തിൽ മിന്നിയും മങ്ങിയും
നിരവധി താരഗോളങ്ങൾ ഭംഗിയിൽ
ഇടതിരിഞ്ഞും സമൂഹങ്ങളായുമേ
ഗഗനമാകെ നിറഞ്ഞു ലസിച്ചിതേ.
വിപുലമാകുമാവിണ്ണിൽ ചിലേടത്തായ്
ചെറിയ ശുഭ്രാഭ്രഖണ്ഡങ്ങൾ മെല്ലവേ
ഉദധിയിൽ ഹിമക്കട്ടകൾപോലവേ
ഇളകി മന്ദമായ് പോയ്ക്കൊണ്ടിരുന്നിതേ.
അറിയുവാനേറെ വൈഷമ്യമേറിടും
നിയതിതൻകരമാഹാത്മ്യമോക്കാതെ
മുദിതനായ്നിന്നൊരെന്നുടെ ചിത്തത്തിൽ
തിരയടിച്ചുതുടങ്ങി വിചാരങ്ങൾ:
“അഹഹ! വിസ്മയം ഓരോരോ ഭീമമാം
അനലഗോളങ്ങളല്ലയോ താരകൾ
അവയസംഖ്യമാരെണ്ണിക്കണക്കാക്കാൻ
ഭുവനവിസ്തൃതി ചിന്തിപ്പതെങ്ങനെ!
മനുജകീടമേ വാസ്തവം നോക്കുമ്പോൾ
ഇതു നിനക്കുള്ളോരനത്ഥനാമമാം —
അധികഹംകൃതിപൂണ്ടുനീ ജല്പിപ്പൂ
ഭുവനകാരണം സവ്വമറിഞ്ഞെന്നായ്.
സുരപഥത്തേയ്ക്കുയന്നുപറക്കുവാൻ
ഒരു മഴപ്പാററ പക്ഷമിളക്കുന്നു
ജലധിചാടിക്കടക്കുവാൻ മോഹിച്ചി–
ട്ടൊരുവലീമുഖൻ വാലുയത്തീടുന്നു

അതിവിചിത്രം പ്രപഞ്ചൈകനാഥനായ്
മനുജരൂപിയായ് ഗംഭീരനായൊരാൾ
എവിടെയോ പാപ്പതായ് നിനച്ചിടുന്നോ
ദുരഭിമാനമേ നിൻഭള്ള നിത്തുക.
മൃഗസമാനം വനങ്ങളിൽ തീററയ്ക്കായ്
ഉഴറിയും മരം കേറിയും വാഴുമ്പോൾ
മഴ, കൊടുംകാററ്, മിന്നലിവകളെ
ബ്ഭയമൊടീക്ഷിച്ച നമ്മുടെ പൂവ്വികർ
ഇരുളടഞ്ഞ ഹൃദന്തങ്ങളിൽത്തദാ
കുടിയിരുത്തിയ മൂഢവിശ്വാസത്തെ
ഇനി വളത്തൊലാ, താമരപ്പൂവിങ്കൽ
അടിയിലെച്ചേറു കോരിയിട്ടീടായ്ക!

. . . . . . . . . . . . . . . . . . . . .

. . . . . . . . . . . . . . . . . . . . .

ഉലകമാകെ നിറഞ്ഞുള്ള വസ്തുക്കൾ
സ്ഥിതിലയങ്ങൾക്കൊരേകനിദാനമായ്
പരിലസിയ്ക്കും പ്രകൃതിയാം മാതാവേ
തവവിലാസങ്ങൾ കീത്തിപ്പാനെന്തുള്ളൂ?
ഹൃദയമോഹനമാകും പ്രഭാതവും
ചരമദിക്കിന്റെ സായാഹ്നശോഭയും,
പികകളസ്വനഗാനവും വാസന്ത–
തരുണിതന്നുടെ സവ്വാംഗഭംഗിയും
നെടിയ വൃക്ഷങ്ങൾ ചുഴുമഭ്രംകഷ–
ഗിരികളും കാറു തട്ടിയിട്ടഗ്രങ്ങൾ
ഇളകിയോളമടിയ്ക്കുന്ന നെൽച്ചെടി
നിബിഡമായ് വളന്നീടും നിലങ്ങളും
കരകവിഞ്ഞു വ[illegible]ും ചുഴിയുമായ്
ഒഴുകിടുന്ന പുഴകളും കാൺകവേ
കുതുകിയാകുന്നു ഞാൻ — എന്നാൽ മാതാവേ
ചകിതനാകുന്നു നിൻക്രൗര്യമോക്കവേ!


# DETERIORATION

**K. M. Ibrahim, II B. Com.**

There was a time when man went after,
Jasmine, rose and lotus.
Alas ! the case is different now,
He wants thorny cactus.
Has he forgotten what is beauty?
Is the case the same with duty?

Once he used to go out in the evening,
To enjoy nature's cool fresh air.
Even now he goes in the evening,
But only for the theatre's hot polluted air.
Are we going from bad to worse?
Or is anything wrong with this universe?

# കവിയുടെ കണ്ണിൽ



ആർ. വി. ഇബ്രാഹിം, II B. Sc.

അക്നാവെള്ളിക്കടൽ നീന്തി നീന്തി
അക്കരെയെത്തിയനേരത്തു ഞാനാ
ചക്കരമാവിൻെറ കൊമ്പത്തിരുന്നു
കുത്തിക്കുറിയ്ക്കുകയായിരുന്നു.

ചിന്തയാമായിരംമേഘപടലമെൻ
ചിത്തമാമാകാശഭിത്തിയിൽനിന്നുമായ്
തൂലികത്തെല്ലുകടത്തീ കടലാസ്സ്
ഭൂമിയിൽ വഷിച്ചുവെന്നറിഞ്ഞീലഞാൻ.

പക്ഷികൾ വിണ്ണിലായ് പാറിക്കളിച്ചതും
വൃക്ഷങ്ങൾ കാററിലിളകിത്തുടിച്ചതും
ചെന്നിണംപൂശിക്കതിരോൻ പടിഞ്ഞാറ്
ചെന്നങ്ങു മൃത്യു വരിച്ചതും കണ്ടേൻ.

തൻപ്രാണനാഥൻ മരിച്ചോ, കരഞ്ഞു
കൺപോളവീത്തും കവിള ചുവന്നും
നേത്ത കരിമ്പടത്താൽ മുഖം മൂടി
പാത്തലം വീപ്പിട്ടു നില്പതുംകണ്ടേൻ.

സന്ധ്യതൻ വെള്ളിനയനങ്ങൾ മിന്നീ
തിങ്കളാമേഘപ്പടപ്പുകൾനീക്കി
കുന്തിച്ചിരിയ്ക്കുമാഭൂമിയെച്ചെന്നു്
സാന്ത്വനിപ്പിയ്ക്കാൻ ശ്രമിച്ചതും കണ്ടേൻ!

കണ്ടുഞാനിത്രയും കാഴ്ചകളെൻെറ
കണ്ണിൻെറ പോള കനത്തുതുടങ്ങീ
കയ്യിലിരിയ്ക്കുമത്തൂലിക മണ്ണിൽ
പയ്യവേ വീണതു ഞാനറിഞ്ഞീല.

# ഓണച്ചിന്തകൾ

**കെ. പി. രാമുണ്ണിക്കുട്ടി, I B. Com.**


അമ്പിളിക്കല പശ്ചിമാബ്ധിയിലാദ്യം കാണ്കെ,
വമ്പനീ മലരമ്പനമ്പു ശേഖരിക്കവെ,
കാർമുകിൽനിറമേററ വാനിടമേറെക്കാലം
സൂര്യശക്തിതന്നങ്കണത്തിങ്കലോടിച്ചാടി
താപനീരുറവുകൾ പൊട്ടിയ ശരീരവും
കോപരേഖകളൂറിക്കൂടിയ മുഖവുമായ്
ഭൂമിമാതാവേ! മുലപ്പാലെന്നു് കൊഞ്ചിക്കൊഞ്ചി-
പ്രേമപൂർവ്വകം കുഞ്ഞിക്കാൽവെച്ചു വന്നെത്തുമ്പോൾ
അംബ, കേരളഭൂമി, നിന്മുഖമാനന്ദത്തിൽ
ചെമ്പനീർത്തുടുപ്പുകളണിയുന്നല്ലോ, മേന്മേൽ!
പുത്തനാമൊരുശബ്ദം പുത്തനീയുഗശബ്ദം
പുത്തനാണെല്ലാം ലോകപ്രത്യയശാസ്ത്രംപോലും
നവവത്സരം പുത്തനോർമ്മകൾ വിരചിക്കെ,
നവപല്ലവി ചുണ്ടിൽ നടനം തുടങ്ങവെ,
മാരിവില്ലുകൾ വസന്തർത്തുവിൻ തളികയിൽ
മായാത്ത മാധുര്യത്തിന്നമൃതം വർഷിക്കവെ,
നിൻചുണ്ടിലൊരു ഗാനം കൂമ്പിടുന്നുവോ കുഞ്ഞിൻ
പിഞ്ചിളം തുടയിൽ നീ താളമിട്ടീടുന്നുവോ?
ഓണമാണിവിടെയിന്നുണരും — പരിരമ്യ
ഭൂതികളടിയുന്ന മോഹനനവോന്മേഷം!
ഓണമാണിവിടെയിന്നുണരും സമത്വത്തിൻ
ഗാനധോരണി — "മർത്ത്യരെല്ലാരുമൊരുപോലെ."

# ഒരു നിമിഷം!

**ചേന്നോളി, II B. Sc.**

ദുഃഖത്തിൻ മേഘമായ് ഞാൻ നിൻമുന്നിലുയരുമ്പോൾ
ഇത്തിരിനേരംമാത്രമെന്നെനീയോർക്കു സഖീ!
സ്നേഹത്തിൻ പൂവമ്പെയ്ത നിൻ കടക്കണ്ണിലൂടെ
ധാരധാരയായ്ക്കണ്ണീർപ്പ്രേമമഴപെയ്തീടുമ്പോൾ,
കാലത്തിൻ പക്ഷംചേർന്ന് നീയകന്നകന്നുപോയ്
പേലവസ്മൃതികളുമായി ഞാനലയുന്നു!
കൊടുങ്കാററാഞ്ഞു വീശി, മാമരം നിലംപററി
മതത്തിൻ മതിൽമാത്രം ഗൌരവത്തോടെ നിൽപ്പൂ!
പൊള്ളുന്ന മണൽക്കാട്ടിൽ പ്രേമത്തിൻ മരുപ്പച്ച
വെള്ളംകാട്ടുമെന്നോർത്ത് തേടിഞാനടുത്തപ്പോൾ,
പൊയ്മുഖം പരിഹാസച്ചിരിയെൻനേക്കെയ്തല്ലോ
വയ്യുവയ്യു കാൺകെയുള്ളവും പൊള്ളീതല്ലോ!
ഒരു ബിന്ദുവായിന്നെൻ സ്മൃതിയിൽ വർത്തിച്ചുകൊ-
ണ്ടൊരുചെമ്പനീർപോൽ നീ സൌരഭ്യം പരത്തുന്നു!
നിൻമുന്നിൽ ദുഃഖത്തിൻെറ മേഘമായ് വർത്തിച്ചു ഞാ-
നി; ന്നൊരുനിമിഷം നീയെന്നെയോർക്കുക, സഖീ!

# THE DAWN



**Ambalangadan Mohamed,**

**III B. A. Economics**

As dawn
startles the sleepy night
to bring in
bright beams and a breezy voice
several birds
near their nests
high above the orchard-trees
perching on the quivering leaves
proclaim
the departure of
the dull dogged night
and in their delight
sing for
the happy welcome of the dawn.
Blowing over
the verdant moss
the west wind
spreads the scent of rose.
and the earth,
gaudy in her garments green
is in great mirth
to greet the gorgeous dawn.

# The Gain and the Loss

**Geetha Nair, I M. A. (English)**

Like an April bud,
Smiling to itself

So young a thing and so pure
Smiling at the world

This young love, his baby laugh
All sun and sparkle

The bars of the crib, no barrier
To his progressing steps

Grew old with the world
Full of new wisdom

But the gaiety, the life
dead in his eyes

Smiling sadly at the bud
that lay crushed

And striving to be cheerful
gave a laboured laugh